## 716

ചിത്തം കലങ്ങിടൊല്ലാ പോയ് വരും ഞാൻ
പോയ് വരും ഞാൻ (2)

1 സത്യമായെന്നിലും നിത്യപിതാവിലും
ശക്തിയായ് വിശ്വസിപ്പിൻ സന്തതവും നിങ്ങൾ-

2 എൻപിതാവിൻ ഗൃഹേ ഇൻപമെഴും പല
സംഭൃതഭവനങ്ങളുണ്ടതിനാലിനി-

3 പോയിടുന്നേൻ മുദാ വാസമൊരുക്കുവാൻ
ആഗമിച്ചഹം വീണ്ടും ചേർക്കുവാൻ ഞങ്ങളെ-

4 സത്യവും ജീവനും മാർഗ്ഗവും ഞാനത്രേ
നിത്യപിതാവിലേക്കെത്തിടുന്നെന്നിലൂടെ-

5 എൻപിതാവെന്നിലും ഞാനവൻ തന്നിലും
ഇമ്പമോടിതു നിനച്ചൻപൊടു വിശ്വസിപ്പിൻ-

6 എന്നുടെ നാമത്തിലെന്തു യാചിക്കിലും
എൻപിതൃതേജസ്സിന്നായ് ഞാനതു ചെയ്തിടും-

7 നിങ്ങളെന്നെ സ്നേഹിക്കുന്നുവെന്നാലെന്റെ
മംഗളകരങ്ങളാമാജ്ഞകൾ പാലിക്കും-

8 നാഥനില്ലാത്തവരായി വിടാതെ ഞാൻ
കേവലമടുക്കലേക്കാഗമിപ്പേൻ മുദാ-

9 നിത്യമായ് നിങ്ങളോടൊത്തിരിപ്പാനൊരു
സത്യവിശുദ്ധാത്മാവെ തന്നിടുവേനതാൽ- **K.V.S.**